**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3692** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസനത്തിനു പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ ക്ഷീരവികസനത്തിനായി പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്, ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ പുതിയ ഘടക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | എങ്കിൽ പുതിയ പദ്ധതികളുടെ വിശദീകരണവും ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ? | (ബി) | ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.<br><br>2.സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, കോമേഴ്സ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>3.അതിർത്തി പ്രദേശങ്ങളിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്ത് നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറൻറ്റൈയിൻ സെന്ററുകളും ഉരുക്കളുടെ വിൽപന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>4.ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം - പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരുവാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ (inputs) ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br><br>5.ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം – ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് |

| | | | |
|---|---|---|---|
| | | | ലോൺ മുഖേന ചിലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.<br><br>ക്ഷീരമേഖലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 9931 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ